# സ്കൂൾ അക്കാദമിക മാസ്റ്റർ പ്ലാൻ

# 2025-2026

സെന്റ് ഫ്രാൻസിസ് എൽ. പി. എസ്
പരുമല.

## ആമുഖം

പത്തനംതിട്ട ജില്ലയിൽ തിരുവല്ല താലൂക്കിൽ കടപ്ര പഞ്ചായത്തിലെ 9-ാം വാർഡിൽ ആണ് ഈ വിദ്യാലയം സ്ഥിതി ചെയ്യുന്നത്. സെന്റ് ഫ്രാൻസിസ് ദേവാലയത്തോട് ചേർന്നാണ് സ്കൂൾ. 1928 മെയ് 22-ാം തീയതി അഭിവന്ദ്യ ഡോ. അലോഷ്യസ് മരിയ ബെൻസിഗർ പിതാവിന്റെ കാലത്താണ് ഈ വിദ്യാലയം സ്ഥാപിതമായത്. പിന്നീട് സ്കൂളിന്റെ മേലധികാരി ആയി അഭിവന്ദ്യ ഡോ. ജെറോം M. ഫെർണാണ്ടസ് പിതാവ് ഈ സ്കൂൾ ഏറ്റെടുത്ത് വിപുലപ്പെടുത്തി ഇപ്പോൾ നിൽക്കുന്ന സ്ഥാനത്ത് പണിതീർന്നു. 1983 സെപ്റ്റംബർ 1-ാം തീയതി പുതിയ കെട്ടിടത്തിന്റെ ആശീർവാദകർമ്മം നിർവഹിച്ചു. ഇപ്പോൾ ഈ സ്കൂളിന്റെ മാനേജർ അഭിവന്ദ്യ ഡോ. പോൾ ആന്റണി മുല്ലശ്ശേരി പിതാവാണ്. ലോക്കൽ മാനേജർ നിലവിൽ ഫ്രാൻസി അച്ചനാണ്. ഹെഡ്മിസ്ട്രസ് ശ്രീമതി സിന്ധു ജോർജിയുടെ മേൽനോട്ടത്തിൽ ഈ സ്കൂൾ ഇന്നും അറിവിന്റെ അക്ഷരവെളിച്ചം പകർന്നുകൊണ്ട് മുന്നോട്ട് പോകുന്നു.

2025-26

** School local Manager Fr. റൊസാരിയോ ജോസ് ആണ്

## പൊതുവിശകലനം

സാമൂഹ്യപരവും സാമ്പത്തികവുമായ വിദ്യാഭ്യാസപര-മായും ഏറെ പിന്നോക്കം നിൽക്കുന്ന പാതൂരെ എന്ന കൊച്ചുഗ്രാമത്തിലെ ജനങ്ങളുടെ വിദ്യാഭ്യാസത്തിനുവേണ്ടി പള്ളിയോട് ചേർന്ന് സ്ഥാപിതമായ വിദ്യാലയമാണ് സെന്റ്. ഫ്രാൻസിസ് എൽ.പി. സ്കൂൾ.

ഇംഗ്ലീഷ് മീഡിയത്തിന്റെ കടന്നു കയറ്റവും ജനങ്ങൾക്ക് ഇംഗ്ലീഷ് മീഡിയങ്ങളോടുള്ള ആരാധനയും ഏതാനും വർഷങ്ങളായി കുട്ടികളുടെ എണ്ണ-ത്തിൽ കുറവ് വരുത്തിക്കൊണ്ടിരിക്കുകയാണ്. ഇതൊക്കെ വാഹന സൗകര്യവും സ്കൂളിൽ ഇല്ലാത്തിട്ടും പ്രീ-പ്രൈമറി മുതൽ IV-ാം ക്ലാസ് വരെ 47 കുട്ടികൾ പഠിക്കുന്നുണ്ട്. മറ്റു വിദ്യാലയങ്ങളുമായി തട്ടിച്ചു നോക്കുമ്പോൾ ഉന്നതം തന്നെയാണെന്ന് അഭിമാനപൂർവ്വം പറയാൻ സാധിക്കു-ന്നുണ്ട്. കലാ - കായിക പ്രവർത്തി പരിചയ മേളക-ളിലെ മികവാർന്ന വിജയം എടുത്തു പറയേണ്ടതാണ്. പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളിൽ മികച്ച നിലവാര-മാണ് ഈ സ്കൂൾ കാഴ്ചവയ്ക്കുന്നത്. നാലാം ക്ലാസിൽ നിന്നും തുടർപഠനത്തിനായി പോകുന്ന ഓരോ കുട്ടിയും വായനയിലും ലേഖനത്തിലും മറ്റ് വിദ്യാലയങ്ങളെ തട്ടിച്ചു നോക്കുമ്പോൾ ഏറെ ഉന്നതിയിൽ ആണെന്ന് അഭിമാന-പൂർവ്വം ഞങ്ങൾക്ക് പറയാൻ സാധിക്കും.

2025-26

* ഈ വർഷം I മുതൽ IV വരെയുള്ള ക്ലാസുകളിൽ 35-കുട്ടികളും pre-primary വിഭാഗത്തിൽ 17 കുട്ടികളും ചേർന്ന് ആകെ 52 കുട്ടികൾ ഉണ്ട്. കുഞ്ഞുങ്ങൾക്ക് വരുന്നതിനായി Auto സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.

ലക്ഷ്യങ്ങൾ 

* ഓരോ ക്ലാസ്സിലും അതത് വിഷയങ്ങളുമായി ബന്ധപ്പെട്ട് നേടേണ്ട മുഴുവൻ ശേഷികളും കുട്ടിയ്ക്ക് ലഭ്യമാണെന്ന് ഉറപ്പാക്കുക.
* ഓരോ കുട്ടിയിലും ഉള്ള കഴിവുകൾ കണ്ടെത്തി അത് പരിപോഷിപ്പിക്കാനാവശ്യമായ സാഹചര്യം ഒരുക്കുക.
* മികവാർന്ന പഠനാന്തരീക്ഷവും ഭൗതിക സാഹചര്യങ്ങളും കുട്ടിയ്ക്ക് ഒരുക്കിക്കൊടുക്കുക.
* പഠന പിന്നാക്കാവസ്ഥ നേരിടുന്ന കുട്ടികളെ കണ്ടെത്തി അവർക്കാവശ്യമായ ക്ലാസ്സുകളും പഠനതന്ത്രങ്ങളും ആവിഷ്കരിക്കുക.
* ലഹരിവസ്തുക്കളുടെ ഉപയോഗത്തിൽ നിന്നും കുട്ടികളെ അകറ്റുക. അതിന്റെ ദൂഷ്യവശങ്ങളെ പറ്റി അവരെ ബോധവാൻമാരാക്കുക.
* കുട്ടികളിൽ വായനയെ പരിപോഷിപ്പിക്കുന്നതിനായി ലൈബ്രറി ശാക്തീകരണം നടപ്പിലാക്കുക.
* ഉച്ചഭക്ഷണം രുചികരമാക്കുക.
* കുട്ടികളിൽ കലാകായിക പ്രവർത്തിപരിചയ മേഖലകളിൽ പരിശീലനം നൽകുക.
* കുട്ടികളുടെ കയ്യക്ഷരം മെച്ചപ്പെടുത്തുന്നതിനാവശ്യമായ പരിശീലനം നൽകുക.
* കുട്ടികളുടെ സഭാകമ്പം അകറ്റുന്നതിനായി I മുതൽ IV വരെ ക്ലാസ്സുകാരുടെ നേതൃത്വത്തിൽ അസംബ്ലി നടത്തുക.
* ദിനാചരണങ്ങളുടെ പ്രാധാന്യം മനസിലാക്കുന്നതിന് ഉതകുന്ന പ്രവർത്തനങ്ങൾ നൽകുക.

* കുട്ടികളിൽ കൃഷിയോട് ആഭിമുഖ്യം വളർത്തൽ
* ഉപകരണങ്ങളുടെ നിർമ്മാണം.
* ലാമ്പ്, ബാറ്ററി ഉപകരണങ്ങൾ ഉപയോഗപ്പെടുത്തൽ

# അദ്ധ്യാപകരും വിവരങ്ങളും (2024-2025)

| ക്രമ നമ്പർ | അദ്ധ്യാപകന്റെ പേര് | ക്ലാസ് ചുമതല |
|---|---|---|
| 1. | സിസ്റ്റർ ജോയി (H.M) | III |
| 2. | അലീന. കെ. ജോൺ transferred<br>വെറോണി ഡയ്സി 2025-26 | II<br>IV |
| 3. | അലീന ആൻ ജോസഫ് | V (II) |
| 4. | ശശികല. വി | I |
| 5. | തെരേസ പി. സേവ്യർ | LKG |
| 6. | സിസിലി ശെൽവദാസൻ | UKG |

പാചക തൊഴിലാളി:- രേണുക P.A

## നിലവിലുള്ള ഭൗതികസാഹചര്യങ്ങൾ

| ക്രമ നമ്പർ | വിവരം | നിലവിലുള്ളത് | ഇനി ആവശ്യമുള്ളത് |
|---|---|---|---|
| 1. | ക്ലാസ്മുറി | 6 | 2 |
| 2. | ആൺകുട്ടികൾക്കുള്ള ടോയ്‌ലറ്റ് | 1 | 1 |
| 3. | പെൺകുട്ടികൾക്കുള്ള ടോയ്‌ലറ്റ് | 1 | 2 |
| 4. | കിണർ | - | - |
| 5. | ലൈബ്രറി | 1 | |
| 6. | ചുറ്റുമതിൽ | ഭാഗികം | |
| 7. | കളിസ്ഥലം, കുട്ടികളുടെ park | | |
| 8. | ക്ലാസ്മുറിയിൽ ഫാൻ | 1 | 2 |
| 9. | അടുക്കള | 1 | |
| 10. | റീഡിംഗ് റൂം | ഇല്ല | 1 |
| 11. | സ്കൂൾ ബസ് | ഇല്ല | 1 |
| 12 | സ്റ്റേജ് | 1 | |
| 13. | കംപ്യൂട്ടർ | | |
| 14. | ലാപ്ടോപ്പ് | 2 | |
| 15. | സൗണ്ട് സിസ്റ്റം | 1 | |
| 16. | പ്രൊജക്ടർ | 1 | |
| 17. | ഗ്രീൻ ബോർഡ് | ഇല്ല | |
| 18. | വൈറ്റ് ബോർഡ് | 2 | |
| 19. | റാമ്പ് | | |
| * 20. | പ്രൊജക്ടർ Screen | 1 | |
| 21. | ഫ്രിഡ്ജ് | 1 | |

# മറ്റ് ICT സാധ്യതകൾ

| ക്രമ നമ്പർ | സംവിധാനം | ഉണ്ട് / ഇല്ല |
|---|---|---|
| 1. | വിക്ടർ ചാനൽ | ഉണ്ട് |
| 2. | ഡി.വി.ഡി. പ്ലെയർ | ഇല്ല |
| 3. | ഇന്റർനെറ്റ് | ഉണ്ട് |
| 4. | വെബ്സൈറ്റ് | ഇല്ല |
| 5 | ബ്ലോഗ് | ഇല്ല |
| 6. | E-mail ID | ഉണ്ട് |
| 7. | Smart class Room | ഇല്ല |

# പ്രശ്നങ്ങൾ / വെല്ലുവിളികൾ

## 1. അക്കാദമികം

* മുഴുവൻ കുട്ടികൾക്കും പ്രതീക്ഷിത പഠനനേട്ടം ഉറപ്പിക്കാൻ സാധിക്കുന്നില്ല.
* [illegible] അദ്ധ്യാപകരുടെ കുറവ്
* ഭിന്നശേഷിക്കാരായ കുട്ടികളെ പരിഗണിച്ചുകൊണ്ടുള്ള പാഠ്യപദ്ധതിയുടെ അഭാവം
* 10% കുട്ടികൾക്ക് അടിസ്ഥാന ശേഷി കൈവരിക്കാൻ സാധിക്കുന്നില്ല.
* ശരിയായ കായികക്ഷമത ഉറപ്പുവരുത്താൻ കഴിയുന്നില്ല.
* ചില കുട്ടികൾക്ക് മലയാളം, ഇംഗ്ലീഷ്, ഗണിതം എന്നീ വിഷയങ്ങളിൽ നിർദ്ദേശിക്കപ്പെട്ട ശേഷികൾ മുഴുവൻ ആർജ്ജിക്കാൻ കഴിയുന്നില്ല.
* പ്രവർത്തിപരിചയവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ചെയ്യുന്നതിലുള്ള ബുദ്ധിമുട്ട്.
* മറ്റു വിദ്യാലയങ്ങളിൽ നിന്നു വരുന്ന കുട്ടികൾക്ക് അക്ഷരജ്ഞാനം സംഖ്യാബോധവും ഇല്ലാത്ത അവസ്ഥ.

## 2. ഭൗതികം

* സ്കൂൾ ലൈബ്രറിക്ക് വിപുലമായ സൗകര്യം ഇല്ല.
* കലാ-കായിക പ്രവർത്തി പരിചയങ്ങൾക്ക് ആവശ്യമായ പ്രോത്സാഹനം നൽകാൻ വിദഗ്ദ്ധരുടെ സേവനം എപ്പോഴും ലഭ്യമാക്കാൻ സാധിക്കുന്നില്ല.
* ഓഡിറ്റോറിയത്തിന്റെ അഭാവം

* ചുറ്റുമതിലിന്റെ പുനർനിർമ്മാണം നടത്തണം.
* കുട്ടികൾക്ക് ആവശ്യമായ ടോയ്‌ലറ്റുകളുടെ അഭാവം
* IT പഠനത്തിനാവശ്യമായ കമ്പ്യൂട്ടറുകളുടെ കുറവ്.
* ലാപ്ടോപ്പുകൾ ~~കളുടെ~~ ഇല്ലാത്തത് കൊണ്ട് ക്ലാസ്സ് പഠനത്തിൽ ബുദ്ധിമുട്ട് നേരിടുന്നു.

3. സാമൂഹികം

* വിദ്യാലയത്തിന്റെ അക്കാദമിക്കും ഭൗതികവുമായ ആവശ്യങ്ങൾ നിറവേറ്റുന്നതിനും പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും സാമൂഹിക പങ്കാളിത്തം ലഭിക്കുന്നില്ല.
* School-ന് ഭൗതികമായ സാഹചര്യം മെച്ചപ്പെടുത്തുന്നതിനുവേണ്ട സഹായങ്ങൾ സമൂഹത്തിന്റെ ഭാഗത്തു- നിന്നും പരിമിതിയിൽ ഉണ്ട്.

മേഖല - അക്കാദമികം

ഉപമേഖല - ഭാഷ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഉചിതമായ വ്യവഹാര രൂപങ്ങളിലുള്ള ലേഖന മികവ് | സ്വന്തം രചനകൾക്ക് അവസരം നൽകി ചെറു പതിപ്പുകൾ തയ്യാറാക്കൽ. | സെപ്തംബർ | ക്ലബ്ബുകൾ<br>അധ്യാപകർ | SRG |
| സർഗാത്മകതയെ തട്ടിയുണർത്താം. | രചനാശില്പശാല കഥ, കവിത, രചനകൾക്കുള്ള വേദിയൊരുക്കൽ | ഡിസംബർ | SMC<br>അധ്യാപകർ<br>ക്ലബ്ബുകൾ<br>പ്രമുഖ വ്യക്തികൾ | SRG<br>SMC |
| സാഹിത്യ പ്രതിഭകളെ അടുത്തറിയാം | കവികളെ കുറിച്ചുള്ള ഡോക്യുമെന്ററി പ്രദർശനം. | ജൂൺ | അധ്യാപകർ<br>SMC | SMC |
| | പുസ്തക ശേഖരണവും പ്രദർശനവും. | ജൂൺ<br>ഡിസംബർ | അധ്യാപകർ<br>SMC | SMC |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| പഠനപരമായ പിന്നോക്കാവസ്ഥ പരിഹരിക്കാൻ | പഠനപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം പരിശീലനം സംഘടിപ്പിക്കാൻ. ആവശ്യമായ സാമഗ്രികൾ ഒരുക്കാൻ. | ലക്ഷ്യം നേടുന്നതുവരെ | SRG<br>ക്ലാസ് ടീച്ചർ | PTA ഫണ്ട്. |
| വായിക്കാം വളരാം - വായനാശേഷി വളർത്താൻ | ക്ലാസ് വായനക്കൂട്ടം.<br>ക്ലാസ് ലൈബ്രറി ഒരുക്കാൻ<br>പുസ്തകപരിചയം<br>വായനാ കുറിപ്പ്<br>ആസ്വാദന കുറിപ്പ്<br>പുസ്തക സംവാദം.<br>ആനുകാലിക വായന | വർഷം മുഴുവൻ | HM<br>SRG<br>ക്ലാസ് ടീച്ചർ<br>CPTA | PTA |
| [illegible] തെളിയാം - [illegible] പരിപോഷിപ്പിക്കാൻ. | പാഠഭാഗങ്ങളിൽ നിന്നും പഠനപ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ | പ്രതിമാസം (വർഷം മുഴുവൻ) | SRG<br>ക്ലാസ് ടീച്ചർ | PTA |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| തെറ്റില്ലാതെ ഇംഗ്ലീഷ് എഴുതാനുള്ള ശേഷി | നിത്യവും വീട്ടിലും വിദ്യാലയത്തിലും നടക്കുന്ന പ്രവർത്തനങ്ങൾ ഇംഗ്ലീഷ് ഡയറിക്കുറിപ്പാക്കി എഴുതുന്നു. | ആഴ്ചയിൽ മൂന്നു ദിവസം | ക്ലാസ് ടീച്ചർ | |
| ഇംഗ്ലീഷ് തിയേറ്റർ സർഗാത്മക പരിപോഷണം. | ഇംഗ്ലീഷ് പാഠഭാഗങ്ങളെ വ്യവഹാരരൂപങ്ങളാക്കി അവതരിപ്പിക്കൽ (Skit, Drama, Conversation, Story telling) | മാസത്തിലൊന്ന് | ക്ലാസ് ടീച്ചർ | SMC |
| സർഗാത്മക രചനാശേഷി വികസനം. | മൂന്നുമാസം കൂടുമ്പോൾ കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തിക്കൊണ്ട് മാസിക തയ്യാറാക്കൽ. | മൂന്ന് മാസത്തിലൊരിക്കൽ | HM<br>Class teacher<br>SMC | SMC |

മേഖല : അക്കാദമികം

ഉപമേഖല : ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| ഇംഗ്ലീഷ് ഭാഷ ധാരാളമായി കേൾക്കുവാനുള്ള അവസരമൊരുക്കൽ | കാർട്ടൂൺ പ്രദർശനം<br>സിനിമാ പ്രദർശനം | മാസത്തിൽ ഒന്ന്. | SRG | SSA |
| ആത്മവിശ്വാസത്തോടെ ഇംഗ്ലീഷ് ഭാഷ സംസാരിക്കുവാനുള്ള അവസരമൊരുക്കൽ | Let's talk.... പ്രതിഭകളുമായി സംവദിക്കാൻ. | മൂന്ന് മാസത്തിൽ ഒന്ന്. | SRG | SSA |
| | English ബാലസഭ | മാസത്തിൽ ഒന്ന് | ക്ലാസ് ടീച്ചർ<br>SMC | |
| | ഇംഗ്ലീഷ് അസംബ്ലി<br>One day English | ആഴ്ചയിൽ ഒന്ന് | | |
| വായന - ആശയമറിഞ്ഞും ഒഴുക്കോടെയും | വാർത്താവായനാ മത്സരം സംഘടിപ്പിക്കൽ | മാസത്തിൽ ഒന്ന് | SRG | SRG |
| | ക്ലാസ് ലൈബ്രറി വികസനം ബാല പ്രസിദ്ധീകരണങ്ങളുടെ വായന. | ജൂൺ - മാർച്ച് | ക്ലാസ് ടീച്ചർ | SRG |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പാഠഭാഗവുമായി ബന്ധപ്പെട്ട കലകൾ നേരിട്ടറിയൽ | പ്രദേശവാസികളായ കലാകാരന്മാരുടെ സേവനം ക്ലാസ്മുറിയിലേക്ക് കലാവതരണം. കലയുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ, ചമയങ്ങൾ പ്രദർശനം. | വർഷത്തിലൊന്ന് | HM<br>SRG<br>CPTA<br>ക്ലാസ് ടീച്ചർ | PTA |
| ഭാഷാപഠനത്തിന്റെ ഭാഗമായി നേടിയ ശേഷികൾ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കാൻ | കുട്ടികളുടെ സർഗ്ഗശേഷികളുടെ പ്രദർശനം. | വർഷത്തിലൊരിക്കൽ | HM<br>SRG<br>CPTA<br>ക്ലാസ് ടീച്ചർ | PTA |
| ഭാഷാപഠനത്തിന്റെ ഭാഗമായി നേടിയ ശേഷികൾ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കാൻ | കുട്ടികളുടെ സർഗ്ഗശേഷികളുടെ പ്രദർശനം. | വർഷത്തിലൊരിക്കൽ | HM<br>SRG<br>CPTA<br>ക്ലാസ് ടീച്ചർ | PTA. |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| എഴുത്തുകാരുമായി സംവദിക്കാൻ ലേഖന ശേഷി വർദ്ധിപ്പിക്കാൻ സാഹിത്യകാരൻമാരെ അടുത്തറിയാൻ | സാഹിത്യകാരന്മാരുമായി എഴുത്തിലൂടെ സംവദിക്കൽ | ആവശ്യാനുസരണം. | ക്ലാസ് ടീച്ചർ | |
| അറിവ് ഡോക്യുമെന്ററിയിലൂടെ നേടൽ (ICT) | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വിവിധ വീഡിയോകൾ സംഘടിപ്പിക്കാൻ പ്രദർശനം. | ആവശ്യാനുസരണം. | ക്ലാസ് ടീച്ചർ | PTA |
| രുചിച്ചറിയാം - നമ്മുടെ പോഷിണ (നാടൻ) ഭക്ഷണങ്ങൾ പരിചയപ്പെടൽ | ഭക്ഷ്യമേള പാചക കുറിപ്പടങ്ങിയ പതിപ്പ് നിർമ്മാണം. ക്ലാസിലൊരു സദ്യ | വർഷത്തിലൊന്ന് | SRG ക്ലാസ് ടീച്ചർ PTA | |
| സാഹിത്യകാരന്മാരുടെ ജന്മ - ചരമദിനാചരണങ്ങൾ സംഘടിപ്പിക്കാൻ അടുത്തറിയാൻ | ഓർമ്മദിനങ്ങൾ ആചരിക്കാൻ ഡോക്യുമെന്ററി പ്രദർശനം. പുസ്തകപരിചയം - ക്വിസ് ലഘു പ്രഭാഷണം ജീവിതരേഖ തയ്യാറാക്കൽ പതിപ്പ് നിർമ്മാണം - പ്രദർശനം | ആവശ്യാനുസരണം | SRG ക്ലാസ് ടീച്ചർ | SRG |

മേഖല : പരിസരപഠനം

| പഠനനേട്ടം | പ്രവർത്തനം | പ്രവർത്തന വിശദീകരണം | കാലയളവ് | ചുമതല |
|---|---|---|---|---|
| * പരിസ്ഥിതിയുമായി ഇഴുകിച്ചേരുന്നതിനുള്ള മനോഭാവം വളർത്തൽ | • പ്രകൃതി നടത്തം | • ചുറ്റുപാടുമുള്ള ജീവജാലങ്ങളെ നിരീക്ഷിക്കാം<br>- പ്രത്യേകതകൾ മനസിലാക്കാം<br>- വിവിധ ആവാസ വ്യവസ്ഥകൾ മനസിലാക്കാം.<br>- പ്രകൃതിക്ക് ദോഷം വരുത്തുന്ന മനുഷ്യന്റെ ഇടപെടൽ മനസിലാക്കും.<br>- തെറ്റും ശരിയും ചർച്ച ചെയ്യും. | June to October | ക്ലാസ് ടീച്ചർ |
| | • ഒരു തൈ നടാം | പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് വൃക്ഷതൈ നടുന്നു.<br>- നട്ട വൃക്ഷത്തൈ പരിപാലിക്കുന്നു | June to March | |
| | • പോസ്റ്റർ നിർമ്മാണം | * പ്രകൃതി സംരക്ഷണ പോസ്റ്റർ തയ്യാറാക്കുന്നു.<br>- പരിസരങ്ങളിൽ പതിക്കുന്നു. | June | |
| * പരിസര ശുചിത്വം | * വ്യക്തിശുചിത്വം | * ഓരോ ദിവസവും പ്രഭാതകൃത്യ- ങ്ങൾ കഴിഞ്ഞ് സ്കൂളിൽ വരു- ന്ന ശീലം കുട്ടികളിൽ ഉണ്ടാക്കുന്നു. | June to March | |

| | | | |
|---|---|---|---|
| * പരിസര നടത്തം | [illegible] | • നമ്മുടെ പരിസരങ്ങളെ മലിനീകരണ പ്രശ്നങ്ങൾ അടുത്തറിയാം<br>• മലിനീകരണം മൂലമുള്ള പ്രശ്നങ്ങൾ കണ്ടെത്താം<br>- പരിസ്ഥിതി സംരക്ഷണ പ്രതിജ്ഞ. | June to March |
| * ശാസ്ത്ര വിഷയങ്ങളിൽ അഭിരുചി - താത്പര്യം എന്നിവ വളർത്തുക. | • ഫീൽഡ് ട്രിപ്പ് | • നമ്മുടെ നാടിന്റെ പരിസ്ഥിതിയെക്കുറിച്ചും അടുത്തറിയാം.<br>- ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു.<br>(കുളം, വയൽ, കാട് etc) | January - March |
| | • പരീക്ഷണങ്ങൾ | • ശാസ്ത്ര കുതുകം വളർത്തുന്ന പരീക്ഷണങ്ങളിൽ ഏർപ്പെടുന്നു. | November to January |
| | • പക്ഷി നിരീക്ഷണം | • പക്ഷി നിരീക്ഷണത്തിന്റെ പ്രാധാന്യം.<br>- വൈവിധ്യം കണ്ടെത്തൽ<br>- കൂടുകൾ വ്യത്യസ്തമാണെന്ന് മനസിലാക്കൽ<br>- | November - December |

| | | | |
|---|---|---|---|
| * നാടറിയാൻ - നാട്ടറിവുകൾ | കർഷകരുമായി അഭിമുഖം | * കുട്ടികളിൽ കൃഷിയെക്കുറിച്ചുള്ള താത്പര്യം വർദ്ധിപ്പിക്കാനും കൃഷി കൂടുതൽ പ്രായോഗികമായി മനസിലാക്കാനും കർഷകരുമായി അഭിമുഖം നടത്തുന്നു.<br>- ചോദ്യാവലി തയാറാക്കൽ<br>- വിത്തിനങ്ങൾ പരിചയപ്പെടൽ<br>- കൃഷി രീതികൾ തിരിച്ചറിയൽ<br>- ഓരോ കൃഷിയുടേയും കാലഘട്ടം തിരിച്ചറിയൽ | July |
| * പ്രകൃതി വിഭവം സംരക്ഷിക്കൽ | * ജൈവ-വൈവിധ്യ പാർക്ക്, നടയണ etc പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിൽ പങ്കാളിയാകൽ | * പ്രകൃതിയെ സംരക്ഷിക്കേണ്ടത് നമ്മുടെ കടമയാണ് എന്ന ബോധം ജനിപ്പിക്കൽ.<br>- വൃക്ഷവത്കരണം<br>- നടയണ<br>- ജൈവ-വൈവിധ്യ പാർക്ക്<br>- പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിൽ പങ്കാളിയാകൽ | June to September |
| * ശാസ്ത്രപഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രദർശനം | ശാസ്ത്രോത്സവം | • പതിപ്പ്, ചാർട്ട്, ആൽബം, പഠനോപകരണം, പരീക്ഷണം<br>- മേളയുടെ പ്രദർശനം | February - March |

18

മേഖല - അക്കാദമികം
ഉപമേഖല - ഗണിതം

ക്ലാസ് 1

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കളികളും നിർമ്മാണ പ്രവർത്തനങ്ങളും ഉൾപ്പെടുത്തി ഗണിതം ലളിതമാക്കൽ | 1) ഗണിത മാഗസിൻ | ജൂൺ - മാർച്ച് | PTA ക്ലാസ് ടീച്ചർ | |
| | 2) ജ്യാമിതീയ രൂപങ്ങളുടെ നിർമ്മാണം ഉൾക്കൊള്ളിച്ച ക്ലാസ് | സെപ്റ്റംബർ | PTA, SRG ക്ലാസ് ടീച്ചർ | PTA |
| | 3) ഗണിത ക്ലബ് ഗണിത പ്രവർത്തനങ്ങൾ കളികളിലൂടെ | മാസത്തിൽ ഒരിക്കൽ | SRG ക്ലാസ് ടീച്ചർ | |

5

മേഖല - അക്കാദമികം

ഉപമേഖല - ഗണിതം

ക്ലാസ് - II

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
| --- | --- | --- | --- | --- |
| ഗണിത ചിന്താശേഷി വളർത്തൽ | ഒരുദിനം ഒരു ചോദ്യം (കുസൃതി കണക്കുകളും, ഗണിത പസിലുകളും പരിചയപ്പെടൽ)<br><br>ഗണിത ക്ലബ് (ഗണിതം കളികളിലൂടെ) | ആഴ്ചയിൽ ഒരു ദിവസം<br><br>മാസത്തിൽ ഒരു ദിവസം | SRG<br>ക്ലാസ്ടീച്ചർ | PTA<br>SSA |

മേഖല - അക്കാദമികം

ഉപമേഖല - ഗണിതം

ക്ലാസ് - III

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ജ്യാമിതീയ സൗന്ദര്യം തിരിച്ചറിയൽ | വിദഗ്ധ ശില്പശാല സംഘടിപ്പിച്ച് ഗണിത പഠനവും നിർമ്മാണ പ്രവർത്തനങ്ങളും ആസ്വദിക്കാനും മനസ്സിലാക്കാനും രൂപങ്ങൾ നിർമ്മിക്കാൻ പ്രേരിപ്പിക്കൽ | ഒക്ടോബർ | SRG<br>PTA | SSA |
| ഗണിതം ലളിതമാക്കൽ കുട്ടികളിലൂടെ | നാടിന് ഒരു ഗണിതോത്സവം | ജനുവരി | SRG<br>ക്ലാസ് ടീച്ചർ | SSA<br>സ്റ്റാഫ് SMC |

ഗണിതം
Std IV

കളിക്കാം.. ഗണിക്കാം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിത പഠനം രസകരമാക്കൽ (പ്രശ്നങ്ങൾ ലളിതമാക്കൽ) | വിവിധതരം കളികൾ ആസൂത്രണം ചെയ്ത് നടപ്പാക്കൽ<br>മൂല്യനിർണയം (ഏണിയും പാമ്പും, ബസ് കളി)<br>സങ്കലനം - വ്യവകലനം (കച്ചവടക്കളി) | വർഷം മുഴുവൻ | SRG<br>ക്ലാസ് ടീച്ചർ | |

ഒറിഗാമിയിലൂടെ പഠിക്കാം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിത ശാസ്ത്രപഠനം രസകരമാക്കൽ - ഒരു ചലനശേഷി വികാസം | ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം<br>പ്രദർശനം | വർഷത്തിലൊരിക്കൽ (ഉചിതമായ സമയങ്ങൾ) | ക്ലാസ് ടീച്ചർ | PTA |

ഗണിതമേള

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിത ശേഷികളുടെ പോഷണം | പ്രദർശനങ്ങൾ ചാർട്ട് പാറ്റേൺ പഠന ഉപകരണങ്ങളുടെ പ്രദർശനം | വർഷത്തിൽ ഒന്ന് | SRG ക്ലാസ് ടീച്ചർ | PTA |

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| **ഗണിത ലാബ്** | | | | |
| ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ | ഗണിത ലാബ് ഒരുക്കൽ പഠനത്തിന് ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | HM<br>SRG<br>ക്ലാസ് ടീച്ചർ | PTA |
| **ഗണിതച്ചുവർ** | | | | |
| ഗണിത രൂപങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ | ഗണിതച്ചുവർ ഒരുക്കൽ ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | HM<br>SRG<br>ക്ലാസ് ടീച്ചർ | PTA. |
| **ഗണിത പഠനോപകരണ ശില്പശാല** | | | | |
| പഠനോപകരണങ്ങളിലൂടെ ഗണിതപഠനം രസകരമാക്കൽ | പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമ്മാണം പ്രദർശനം | ആവശ്യാനുസരണം | SRG<br>ക്ലാസ് ടീച്ചർ | PTA |

# കലാകായിക പ്രവൃത്തി പരിചയം

## ലക്ഷ്യം

കലാപരമായും കായികപരമായും ഉള്ള അഭിരുചികൾ കണ്ടെത്തി വികസിപ്പിക്കാനും മത്സരങ്ങളിൽ പങ്കെടുപ്പിച്ച് വിജയം വരിക്കാനും നിർമ്മാണ പരമായ കഴിവുകൾ കണ്ടെത്തി വികസിപ്പിക്കാൻ

## പ്രവർത്തനങ്ങൾ

1. ചിത്രരചനാമത്സരം.
വിവിധ വിഷയവുമായി ബന്ധപ്പെട്ട് ചിത്രരചനാമത്സരങ്ങൾ നടത്തുന്നു. മികച്ച രചനകൾ കണ്ടെത്തുന്നു.

2. പ്രദർശനം
കുട്ടികൾ വരച്ച ചിത്രങ്ങളുടെ പ്രദർശനം നടത്തുന്നു. രക്ഷിതാക്കൾക്ക് കാണാനവസരം നൽകുന്നു

3. ചിത്രരചനാ ക്യാമ്പ്
അതിഥി അദ്ധ്യാപകരെ ഉൾപ്പെടുത്തി ചിത്രരചനാക്യാമ്പ് നടത്തുന്നു.

4. ചിത്രകാരന്മാരെ പരിചയപ്പെടൽ
ലോകപ്രശസ്ത ചിത്രകാരന്മാരുടെ ജീവചരിത്രം, ചിത്രങ്ങൾ എന്നിവ ICT സഹായത്തോടെ കാണിച്ചുകൊടുക്കുന്നു. ചിത്രങ്ങളുടെ പ്രദർശനം നടത്തുന്നു.

5. ബാലസഭ
മാസത്തിലൊരു ദിവസം കുട്ടികളുടെ കലാപരിപാടികൾ ഉൾപ്പെടുത്തി ബാലസഭ നടത്തുന്നു

6. കലാമേള
സ്കൂൾ, ഉപജില്ല കലാമേളകളിൽ മത്സരിച്ച് വിജയം നേടാനുള്ള പ്രവർത്തനങ്ങൾ ഒരുക്കും.

7. പരിശീലനം
കായികക്ഷമതയുള്ളവരെ കണ്ടെത്തി ഒഴിവു സമയങ്ങളിൽ പരിശീലനം നൽകുന്നു

8. യോഗ ആഴ്ചയിൽ ഒരിക്കൽ യോഗ

9. കായികാധ്യാപകരുടെ സേവനം

സമീപ വിദ്യാലയങ്ങളിലെ കായികാധ്യാപകരുടെ സേവനം പ്രയോജനപ്പെടുത്തി കായിക പ്രതിഭകൾക്ക് മികച്ച പരിശീലനം നൽകുന്നു.

10. കായിക മേള

സ്കൂൾ കായിക മേള സംഘടിപ്പിക്കുന്നു.

11. പ്രവൃത്തി പരിചയമേള

ഒറിഗാമി, പാഴ്വസ്തുക്കൾ ഉപയോഗിച്ച് കരകൗശലവസ്തുക്കൾ നിർമ്മിക്കൽ വെജിറ്റബിൾ പ്രിന്റിംഗ്, ചിത്രത്തുന്നൽ തുടങ്ങിയവക്കായി പ്രത്യേക പരിശീലനം നൽകുന്നു.

# 2025-26

* ഓരോ കുട്ടികളെയും വ്യക്തിഗതമായി പരിഗണിച്ചു-കൊണ്ട് അവർക്ക് ആവശ്യമായ പഠന-പാഠ്യേതര മേഖലകളിൽ കൂടുതൽ പിന്തുണ നൽകാനായി വ്യക്തിഗത മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നു.

* കലാ- കായിക പ്രവൃത്തി പരിചയ മേ[illegible]കൾക്ക് കൃത്യമായ സമയം നൽകികൊണ്ടുള്ള Time-Table അനുസരിച്ച് പ്രവർത്തിക്കുന്നതിനാൽ കുട്ടികൾക്ക് ആ മേഖലയിൽ കൂടുതൽ പ്രാവീണ്യം നേടാൻ കഴിയും.

* എല്ലാ ക്ലാസിലെ കുട്ടികൾക്കും കായികക്ഷമതയും മാനസിക ഉല്ലാസവും ലഭിക്കുന്നതിനുവേണ്ടി എല്ലാദിവസവും സുംബാ ഡാൻസ് ചെയ്യിക്കുന്നു.

* രചനാപരിചയകുറിപ്പ് – കുട്ടികളിൽ വായനയെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി ആസ്വാദനക്കുറി-പ്പിന് [illegible] [illegible] രചനയായ രചനാപരിചയ-ക്കുറിപ്പുകളെ എഴുതിക്കുന്നതിനുവേണ്ടി ആവശ്യമായ പുസ്തകങ്ങൾ നൽകുന്നു.

* ഒന്ന്, രണ്ട് ക്ലാസുകളിലെ കുട്ടികൾക്ക് സചിത്രഡയറി, മൂന്ന്, നാല് ക്ലാസുകളിലെ കുട്ടികൾക്ക് സർഗ്ഗാത്മക ഡയറി ഇവയ്ക്ക് പരിശീലനം നൽകുന്നു

* മൂന്നാം ക്ലാസിലെ കുട്ടികൾക്ക് ഇംഗ്ലീഷ് വാക്കുകൾ കൂടുതൽ പരിചയപ്പെടുന്നതിനു വേണ്ടി English dictionary നൽകുന്നു ചെയ്യിപ്പിക്കുന്നു.